തുടങ്ങി ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് അനിവാര്യമായിട്ടുള്ള എന്തെല്ലാം സംഗതികളിൽ എന്തെല്ലാം ആശ്വാസ നടപടികൾ സർക്കാർ പ്ലാൻ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): (എ, ബി) 10-ാം പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കൈത്തറി വ്യവസായത്തെക്കുറിച്ച് വിവരിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു പുറമേ 9-ാം പദ്ധതി കാലയളവിൽ നടപ്പാക്കി വന്നിരുന്ന മിക്കവാറും എല്ലാ പ്രധാനപ്പെട്ട സംസ്ഥാന പദ്ധതികളും 10-ാം പദ്ധതിയിലും ഉൾപ്പെടുത്തി. ഇതിനുപുറമേ നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ഫാക്ടറി ലീടെപ്പ് സംഘങ്ങളെ സഹായിക്കുന്നതിനും, വിദഗ്ദ്ധ നെയ്ത്തുകാരെ പ്രോത്സാഹിപ്പിച്ച് മൂല്യ വർദ്ധനവ് വരുത്തിയ കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ചെടുക്കുന്നതിനും സഹായകരമായ പദ്ധതികൾ 2002-03 മുതൽ നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ കാലത്ത് നടപ്പാക്കിയിരുന്ന പ്രധാനപ്പെട്ട സംസ്ഥാനാവിഷ്കൃത പദ്ധതികൾ തുടർന്നുവരുന്നു. എന്നാൽ റിബേറ്റ് നൽകിയിരുന്ന കാലയളവ് കുറിച്ചിട്ടുണ്ട്.

(ഡി) ഉല്പന്ന വികസന വൈദഗ്ദ്ധ്യ ഉന്നമന പരിപാടി, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിന്റെ പഠനറിപ്പോർട്ടിനെ അടിസ്ഥാനമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. മനോഹരമായ കൈത്തറി ഉല്പന്നങ്ങൾ കലാമൂല്യങ്ങളുള്ള വസ്തുക്കളാക്കുന്നതിനുള്ള പ്രോത്സാഹനത്തിന്റെ ഭാഗമായി വിവിധ ജില്ലകളിലെ നെയ്ത്തുകാർക്ക് പരിശീലനം, സംസ്ഥാനതല അവാർഡ് എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. ഫാക്ടറി കെട്ടിടം വൈദ്യുതീകരിക്കുന്നതുൾപ്പെടെയുള്ള നവീകരണത്തിനും പുതിയ ഡിസൈനുകളും മറ്റും വികസിപ്പിക്കുന്നതിനുള്ള ഗ്രാന്റ് നൽകുന്ന പദ്ധതിയും നടപ്പാക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം വിവിധ ദേശീയ ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്നുനടപ്പാക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, വീവേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ കൈത്തറി ഉൽപ്പന്ന വികസനം, നവീകരണം എന്നിവ ദീൻദയാൽ വികസന പദ്ധതിയിലെ പ്രധാന ഘടകങ്ങളാണ്. ഈ പദ്ധതി ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. ആകർഷണീയമായ വസ്ത്രങ്ങൾ ഗുണഭോക്താക്കളുടെ അഭിരുചിക്കനുസൃതമായി ഉല്പാദിപ്പിച്ചു കഴിഞ്ഞാൽ, സർക്കാർ ഇപ്പോൾ അനുവദിച്ചു വരുന്ന മാർക്കറ്റിംഗ് ഇൻസെന്റീവ് കൂടി പ്രയോജനപ്പെടുത്തി വിപണനം വിപുലീകരിക്കുന്നതിനു കഴിയും. കൂടാതെ ദീൻദയാൽ വികസന പദ്ധതി പ്രകാരം വിപണന വികസനത്തിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ധനസഹായവും നൽകുന്നുണ്ട്.

വ്യവസായശാലകൾ പുറപ്പെടുവിക്കുന്ന മാലിന്യങ്ങൾ മൂലമുള്ള അന്തരീക്ഷ മലിനീകരണം

*12 [613] ശ്രീ. തന്വാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വിവിധ വ്യവസായ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന മാലിന്യങ്ങൾ മൂലമുള്ള അന്തരീക്ഷ മലിനീകരണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വ്യവസായശാലകൾ പുറപ്പെടുവിക്കുന്ന മാലിന്യംമൂലമുള്ള അന്തരീക്ഷ മലിനീകരണം നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും എന്തെങ്കിലും സമിതം സംവിധാനം നിലവിലുണ്ടോ?

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി, സി) വ്യവസായങ്ങൾ നിമിത്തമുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഏഴ് വ്യവസായ മേഖലകളിൽ മോണിട്ടറിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തി ആഴ്ചയിൽ രണ്ടു ദിവസം വീതം പഠനം നടത്തി വരുന്നു. ഇതിനായി എറണാകുളം ജില്ലയിൽ രണ്ടും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ സ്റ്റേഷനുകളുമാണുള്ളത്. ഇതു കൂടാതെ ഓരോ വ്യവസായശാലയിലേയും പുകക്കുഴലുകളിൽ കൂടി വമിക്കുന്ന പാഴ്വായുവിലടങ്ങിയിരിക്കുന്ന മാലിന്യ ഘടകങ്ങളുടെ തോത് ഇടയ്ക്കിടെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) വായു മലിനീകരണത്തിന്റെ നിവാരണത്തിനും, നിയന്ത്രണത്തിനുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 1981-ലെ വായു മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. ഈ നിയമപ്രകാരം ബോർഡ് വ്യവസായശാലകൾക്ക് നിബന്ധനാവിധേയമായ അനുമതിപത്രം നൽകുകയും വ്യവസായശാലകളിൽ പരിശോധന നടത്തുകയും വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുകയും, വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന പാഴ് വായുവിന്റേയും, അന്തരീക്ഷ വായുവിന്റേയും ഗുണനിലവാരം നിർണ്ണയിക്കുകയും, വ്യതിയാനം കാണുന്നപക്ഷം വേണ്ട മുൻകരുതൽ നടപടികൾ എടുപ്പിക്കുകയും ചെയ്യുക തുടങ്ങിയ നടപടികൾ കൈക്കൊണ്ടു വരുന്നു. ഗുരുതരമായ ലംഘനം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നു.

(എഫ്) ഉത്തരം 'ഇ' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly